മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിലൂടെയും വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

ക്ഷീര കർഷകർക്കുള്ള പെൻഷൻ

33 (5380) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ 2014 മെയ് മാസത്തിനു ശേഷം വിതരണം ചെയ്യാത്തതുമൂലം കർഷകർക്കുണ്ടായിട്ടുള്ള വിഷമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷീര കർഷകർക്കുള്ള പെൻഷൻ കുടിശ്ശികയടക്കം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ക്ഷീരകർഷകർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ ജൂൺ 2015 വരെയുള്ളത് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്.

ക്ഷീരമേഖല വികസനവും കന്നുകാലി ഫാമുകൾക്ക് പ്രോത്സാഹന പദ്ധതിയും

34 (5381) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ യുവജനങ്ങൾ കടന്നുവരുന്നതിന് വൈമുഖ്യം കാണിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്തെന്നു വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കന്നുകാലി ഫാമുകൾ നടത്തുന്ന ചെറുപ്പക്കാർക്ക് എന്തെല്ലാം തരത്തിലുള്ള പ്രോത്സാഹന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ക്ഷീരകർഷകർക്ക് ചെലവുകൾക്ക് അനുസരിച്ചുള്ള വരുമാനം പലപ്പോഴും ഇതിൽ നിന്നും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ചെലവുകൾ കുറച്ച് കൃഷി കൂടുതൽ ആകർഷണീയമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly